"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭയിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഉല്ലാസ് കുമാറിന്റെ മാതാവിന്റെ ചികിത്സയ്ക്ക് ചെലവായ തുക മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2504/2025/LSGD തീയതി,തിരുവനന്തപുരം, 15-10-2025

---

പരാമർശം:- പ്രിൻസിപ്പൽ ഡയറക്ടറുടെ 21.06.2025 ലെ LSGD/PD 19181/2025-DEG1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തിരുവനന്തപുരം നഗരസഭയിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഉല്ലാസ് കുമാറിന്റെ മാതാവിന്റെ ചികിത്സയ്ക്ക് ചെലവായ തുക മെഡിക്കൽ റീ ഇംപേഴ്സ്മെന്റായി അനുവദിക്കുന്നതിനായി അപേക്ഷ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.തിരുവനന്തപുരം നഗരസഭയിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഉല്ലാസ് കുമാറിന്റെ മാതാവിന്റെ ചികിത്സയ്ക്കായി 18/12/2021 മുതൽ 22/12/2021 വരെ തിരുവനന്തപുരം അൽ-അരീഫ് ആശുപത്രിയിൽ ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അർഹത കണക്കാക്കി അറിയിച്ച തുകയായ 32,106/- രൂപയുടെ 80% തുകയായ 25,684/- രൂപ (ഇരുപത്തി അയ്യായിരത്തി അറുനൂറ്റി എൺപത്തിനാലു രൂപ മാത്രം) നഗരസഭയുടെ തനതുഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകൾ സഹിതം)

2. സെക്രട്ടറി, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ

3. ശ്രീ. ഉല്ലാസ് കുമാർ, സാനിറ്റേഷൻ വർക്കർ, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ

(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

6. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 15-10-2025 17:12:35

സെക്ഷൻ ഓഫീസർ